പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3909 27.6.2012 ൽ മറുപടിക്ക്

## അനലിറ്റിക്കൽ ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 2012-13 സാമ്പത്തിക വർഷത്തിൽ ലബോറട്ടറികൾക്ക് ആവശ്യമുള്ള മെഷീനറിയും ഉപകരണങ്ങളും വാങ്ങുവാൻ വേണ്ടി 50,00,000/- (അൻപത് ലക്ഷം) രൂപയും മെറ്റീരിയൽസ്, കെമിക്കൽസ്, ഗ്ലാസ് ഉപകരണങ്ങൾ എന്നിവയ്ക്കായി 50,00,000/- (അൻപത് ലക്ഷം) രൂപയും സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| ബി))ഇത്തരം ലാബുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ലാബുകൾ ആധുനികവൽക്കരിക്കുവാൻ വേണ്ടി ലബോറട്ടറി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ലബോറട്ടറികളുടെ അക്രഡിറ്റേഷനും, ലബോറട്ടറികൾക്ക് അത്യാവശ്യം വേണ്ട ആധുനിക ഉപകരണങ്ങൾ വാങ്ങുവാനും മറ്റുമായി 1,00,00,000/- (ഒരു കോടി) രൂപയും ലബോറട്ടറികളുടെ നവീകരണത്തിനായി 50,00,000/- (അൻപത് ലക്ഷം) രൂപയും സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ആധുനികവൽക്കരണത്തിന് ലഭിക്കുന്നത്?; | (സി) ആധുനിക ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുവേണ്ടി കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ട് എന്ന കേന്ദ്രസഹായം ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ